ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 22.03.2025** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. ശുദ്ധജലത്തിന്റെ പ്രാധാന്യം ഓർമ്മപ്പെടുത്തി ഇന്ന് ലോക ജലദിനം. ജലസംരക്ഷണത്തിനും സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുന്നതിനും രാജ്യം പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Today is World Water Day, reminding us of the importance of clean water. PM Narendra Modi says that the country is committed to water conservation and promoting sustainable development.**

2. ജലസംരക്ഷണത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ച് ലോകം ഇന്ന് ഭൗമ മണിക്കൂർ ആചരിക്കും.

   **The world will observe Earth Hour today with the focus on water conservation.**

3. ലോക്സഭാ മണ്ഡല പുനർനിർണയവുമായി ബന്ധപ്പെട്ടുള്ള ആദ്യ സംയുക്ത പ്രവർത്തക സമിതി യോഗത്തിന് ചെന്നൈയിൽ തുടക്കമായി.

   **The first joint working committee meeting related to the Lok Sabha constituency delimitation begins in Chennai.**

4. കേരളത്തിൽ ആശാപ്രവർത്തകരുടെ നിരാഹാര സമരം തുടരുന്നു. ആശമാരുടെ ജീവിത പ്രശ്നത്തിന് പരിഹാരമുണ്ടാകണമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി.

   **The hunger strike of ASHA workers continues in Kerala. Union Minister of State Suresh Gopi urges a solution to the life problems of ASHAs.**

5. നമീബിയയുടെ ആദ്യത്തെ വനിതാ പ്രസിഡന്റായി നെതുംബോ നന്ദി-ന്ദൈത്വാ അധികാരമേറ്റു.

   **Netumbo Nandi-Ndaitwah sworn in as the first female president of Namibia.**

6. ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ 18-ാം സീസണ് ഇന്ന് തുടക്കം. ഉദ്ഘാടന മത്സര കൊൽക്കത്ത നൈറ്റ് റൈഡേഴ്സും, റോയൽ ചാലഞ്ചേഴ്സ് ബെംഗളൂരുവും തമ്മിൽ.

**The 18th season of Indian Premier League cricket will begin today. The opening match is between Kolkata Knight Riders and Royal Challengers Bangalore.**

**&&&&&&&&&&&&&&&&**

## HEADLINE – 1

## WORLD WATER DAY

ഇന്ന് ലോക ജലദിനം. ശുദ്ധജലത്തിന്റെ പ്രാധാന്യവും ജലസ്രോതസ്സുകളുടെ സുസ്ഥിര പരിപാലനത്തിൻറെയും പ്രാധാന്യം ഓർമ്മിപ്പിക്കുന്നതാണ് ജലദിനം. ലോകമെമ്പാടുമുള്ള ജലപ്രതിസന്ധി പരിഹരിക്കുന്നതിനുള്ള അവബോധം വളർത്തുക എന്നതാണ് ഈ ആഗോള ദിനാചരണത്തിന്റെ ലക്ഷ്യം. 2030 ഓടെ എല്ലാവർക്കും ജലവും ശുചിത്വവും ഉറപ്പാക്കുക എന്ന സുസ്ഥിര വികസന ലക്ഷ്യ സാക്ഷാൽക്കരിക്കുന്നതിനുള്ള നടപടികൾ ഇതിന്റെ ഭാഗമാണ്. ആഗോള ശുദ്ധജല വിതരണം നിലനിർത്തുന്നതിൽ ഹിമാനികളുടെ നിർണായക പങ്കിനെയും കാലാവസ്ഥാ വ്യതിയാനത്തെ നേരിടുന്നതിൽ സംരക്ഷണ നടപടികളുടെ അടിയന്തിര ആവശ്യകതയെയും ഊന്നിപ്പറയുന്ന 'ഹിമാനി സംരക്ഷണം' എന്നതാണ് ഈ വർഷത്തെ ലോക ജലദിന പ്രമേയം. ലോക ജലദിനമായ ഇന്ന്, ഹരിയാനയിലെ പഞ്ച്കുലയിൽ ജൽ ശക്തി അഭിയാൻ: മഴയെ സംഭരിക്കുക - 2025 കാമ്പെയിനിനു തുടക്കമാകും. "ഓരോ തുള്ളിയും വിലപ്പെട്ടതാണ് " എന്ന ദർശനം യാഥാർത്ഥ്യമാക്കിക്കൊണ്ട് രാജ്യവ്യാപകമായി അവബോധം വളർത്തുന്നതിനും

ജലസംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ നടത്തുന്നതിനും ഈ സംരംഭം ലക്ഷ്യമിടുന്നു. കേന്ദ്ര ജൽ ശക്തി മന്ത്രി സി.ആർ. പാട്ടീലും ഹരിയാന മുഖ്യമന്ത്രി നയാബ് സിംഗ് സൈനിയും പരിപാടിയിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&

## HEADLINE – 1 (A)
## PM - WATER DAY

ലോക ജലദിനത്തിൽ, ജലസംരക്ഷണത്തിനും സുസ്ഥിര വികസനം പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള രാജ്യത്തിന്റെ പ്രതിബദ്ധത ആവർത്തിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി. ജലസംരക്ഷണത്തിന്റെ പ്രാധാന്യം എടുത്തുകാണിക്കുന്ന വീഡിയോ അദ്ദേഹം സമൂഹമാധ്യമത്തിൽ പങ്കിട്ടു. നാഗരികതകളുടെ ജീവനാഡിയായിരുന്നു ജലമെന്നും ഭാവി തലമുറയ്ക്കായി അത് സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും പ്രധാനമന്ത്രി ഊന്നിപ്പറഞ്ഞു.

&&&&&&&&&&&&&&&&

## C R PATIL - WATER DAY

ജലപ്രതിസന്ധി ആഗോളതലത്തിൽ ആശങ്കാജനകമായ ഒരു വിഷയമായി മാറിയിരിക്കുന്നുവെന്നും, വെല്ലുവിളികളെ അവസരമാക്കി മാറ്റിയ ഒരു രാഷ്ട്രമായി രാജ്യം നിലകൊള്ളുന്നുവെന്നും കേന്ദ്രമന്ത്രി സി ആർ പാട്ടീൽ. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ രാജ്യം ജലസംരക്ഷണത്തെ ജനകീയ മുന്നേറ്റമാക്കി മാറ്റിയെന്ന് അദ്ദേഹം സമൂഹമാധ്യമ കുറിപ്പിൽ പറഞ്ഞു. വരും തലമുറകൾക്കായി ഓരോ തുള്ളിയും സംരക്ഷിക്കാനും ജലസമൃദ്ധമായ ഇന്ത്യ സൃഷ്ടിക്കാനും

പ്രതിജ്ഞയെടുക്കാൻ ശ്രീ പാട്ടീൽ ജനങ്ങളോട് അഭ്യർത്ഥിച്ചു.

**&&&&&&&&&&&&&&&&**

## HEADLINE – 2
## EARTH HOUR

ജലസംരക്ഷണത്തിൽ പ്രത്യേക ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് ഇന്ത്യ ഇന്ന് ലോകത്തിലെ ഏറ്റവും വലിയ പരിസ്ഥിതി പ്രസ്ഥാനമായ ഭൗമ മണിക്കൂർ ആചരണത്തിൽ പങ്കുചേരും. ലോക ജലദിനത്തോടനുബന്ധിച്ച് സംഘടിപ്പിക്കുന്നതിനാൽ ഈ വർഷത്തെ പരിപാടിക്ക് കൂടുതൽ പ്രാധാന്യമുണ്ട്.

**വിശദാംശ ങ്ങളിലേക്ക്............**

(ഹോൾഡ്-വോയ്സ്)

*എല്ലാ വർഷവും മാർച്ച് മാസത്തിലെ അവസാനത്തെ ശനിയാഴ്ചകളിലാണ് രാത്രി 8:30 മുതൽ രാത്രി 9:30 വരെ ഭൗമ മണിക്കൂർ ആചരിക്കുന്നത്. ഈ സമയം, ലോകമെമ്പാടുമുള്ള ആളുകൾ പരിസ്ഥിതി സംരക്ഷണത്തിനും കാലാവസ്ഥാ പ്രവർത്തനത്തിനുമുള്ള പ്രതിബദ്ധതയെ പ്രതീകപ്പെടുത്തി അവശ്യമല്ലാത്ത എല്ലാ വിളക്കുകളും അണയ്ക്കുന്നു. ഇന്ത്യയിൽ, പൈതൃക കേന്ദ്രങ്ങൾ, സ്മാരകങ്ങൾ, പൊതു, സ്വകാര്യ സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ, വീടുകൾ എന്നിവ സ്വിച്ച് ഓഫ് പരിപാടിയിൽ പങ്കെടുക്കുന്നു. 'ജല ഉപയോഗത്തെ കുറിച്ച് അവബോധമുള്ളവരായിരിക്കുക " എന്നതാണ് ഈ വർഷത്തെ പ്രമേയം. 2007-ൽ ഓസ്ട്രേലിയയിലെ സിഡ്നിയിലാണ് വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ ദി സിഡ്നി മോർണിംഗ്*

*ഹെറാൾഡുമായി സഹകരിച്ച് ഭൗമ മണിക്കൂർ ആദ്യമായി ആചരിച്ചത്.*

*ന്യൂസ് ഡെസ്ക്, ആകാശവാണി...*

&&&&&&&&&&&&&&&&

## BIHAR-STATEHOOD DAY

ബിഹാർ രൂപീകരണ ദിനമായ ഇന്ന് രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും സംസ്ഥാനത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്നു. പുരാതന കാലം മുതൽ അറിവിൻറെയും വികസനത്തിൻറെയും നാടാണ് ബിഹാർ എന്ന് രാഷ്ട്രപതി സമൂഹമാധ്യമത്തിൽ പ്രശംസിച്ചു. വീരന്മാരുടെയും മഹാന്മാരുടെയും പുണ്യഭൂമിയെന്നാണ് ബീഹാറിനെ പ്രധാനമന്ത്രി വിശേഷിപ്പിച്ചത്. ഇന്ത്യൻ ചരിത്രത്തിന് അഭിമാനം പകർന്ന സംസ്ഥാനം ഇന്ന് വികസന യാത്രയുടെ പ്രധാന ഘട്ടത്തിലൂടെ കടന്നുപോകുകയാണെന്നും ശ്രീ മോദി കൂട്ടിച്ചേർത്തു.

&&&&&&&&&&&&&&&&

## HEADLINE – 3
## DELIMITATION - JAC MEETING

ലോക്സഭാ മണ്ഡല പുനർനിർണയവുമായി ബന്ധപ്പെട്ടുള്ള ആദ്യ സംയുക്ത ആക്ഷൻ കമ്മിറ്റി യോഗത്തിന് ചെന്നൈയിൽ തുടക്കമായി. തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിന്റെ അധ്യക്ഷതയിൽ നടക്കുന്ന യോഗത്തിൽ കേരള മുഖ്യമന്ത്രി പിണറായി വിജയൻ, കർണാടക ഉപമുഖ്യമന്ത്രി ഡി.കെ. ശിവകുമാർ, പഞ്ചാബ് മുഖ്യമന്ത്രി ഭഗവന്ത് സിംഗ് മാൻ, തെലങ്കാന മുഖ്യമന്ത്രി

രേവന്ത് റെഡ്ഡി തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്. ഫെഡറലിസം, മണ്ഡല പുനർനിർണ്ണയ പ്രശ്നങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിഷയങ്ങളാണ് യോഗത്തിൽ ചർച്ച ചെയ്യുക. രാജ്യത്തിന്റെ വൈവിധ്യം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് കേരള മുഖ്യമന്ത്രി പിണറായി വിജയൻ തന്റെ പ്രസംഗത്തിൽ പറഞ്ഞു. മണ്ഡല പുനർനിർണ്ണയ സ്ഥിതിഗതികൾ വിലയിരുത്താൻ വിദഗ്ദ്ധ കൗൺസിൽ രൂപീകരിക്കണമെന്ന് തമിഴ്നാട് മുഖ്യമന്ത്രി എംകെ സ്റ്റാലിൻ അഭിപ്രായപ്പെട്ടു.

**&&&&&&&&&&&&&&&&**

## HEADLINE – 4
## ASHA WORKERS - PROTEST

കേരളത്തിൽ ആശാ പ്രവർത്തകർ സെക്രട്ടേറിയറ്റിനു മുന്നിൽ നടത്തുന്ന അനിശ്ചിതകാല നിരാഹാര സമരം മൂന്നാം ദിവസത്തിലേക്ക് കടന്നു. നിരാഹാരമിരിക്കുന്ന മൂന്ന് ആശാ പ്രവർത്തകർക്ക് പിന്തുണയുമായി മറ്റന്നാൾ ആശാ പ്രവർത്തകർ സെക്രട്ടേറിയറ്റിന് മുന്നിൽ കൂട്ട ഉപവാസമിരിക്കും. കൂടാതെ സംസ്ഥാനത്തെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ആശാ പ്രവർത്തകർ കൂട്ട ഉപവാസമിരിക്കുമെന്ന് കേരള ആശാ ഹെൽത്ത് വർക്കേഴ്സ് അസോസിയേഷൻ അറിയിച്ചു.

**&&&&&&&&&&&&&&&&**

## HEADLINE – 4 (A)
## ASHA WORKERS - SURESH GOPI

ആശാ വർക്കർമാരുടെ സമരത്തിൽ കേന്ദ്ര ആരോഗ്യമന്ത്രി

ജെ. പി നദ്ദ പാർലമെൻറിൽ പറഞ്ഞത് തന്നെയാണ് ഈ വിഷയത്തിൽ പറയാനുള്ളതെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. സമരമല്ല, ആശാ വർക്കർമാരുടെ ജീവിതപ്രശ്നമാണ് പരിഹരിക്കേണ്ടതെന്നും അദ്ദേഹം പറഞ്ഞു. കരുവന്നൂർ സഹകരണ ബാങ്കിനു മുൻപിൽ സമരം ചെയ്ത നിക്ഷേപകൻ മാപ്രാണം ഏറാട്ടുപറമ്പിൽ ദേവസ്സിയുടെ വീട് സന്ദർശിക്കവെയാണ് കേന്ദ്ര സഹമന്ത്രിയുടെ പ്രതികരണം.

**&&&&&&&&&&&&&&&&**

## CALICUT UNIVERSITY-GOVERNOR

കാലിക്കറ്റ് സർവകലാശാലയുടെ വാർഷിക സെനറ്റ് യോഗത്തിൽ ചാൻസലർ കൂടിയായ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ പങ്കെടുക്കും. ലഹരിവിരുദ്ധ ക്യാമ്പസ് എന്ന ദൗത്യത്തിന്റെ പ്രചാരണാർഥം ചാൻസലർ സെനറ്റിനെ അഭിസംബോധന ചെയ്യും. വിദ്യാർഥികളിലും യുവതലമുറയിലും ലഹരി ഉപയോഗം പടരുന്ന സാഹചര്യത്തിലാണ് സർവകലാശാല ലഹരിവിരുദ്ധ പ്രചാരണ പ്രവർത്തനത്തിന് മുന്നിട്ടിറങ്ങുന്നത്.

**&&&&&&&&&&&&&&&&**

## MULLAPERIYAR

സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം പുതിയതായി രൂപീകരിച്ച മേൽനോട്ടസമിതിയുടെ മുല്ലപ്പെരിയാർ അണക്കെട്ട് സന്ദർശനം പുരോഗമിക്കുന്നു. പുതിയ സമിതി രൂപീകരിച്ചതിനുശേഷം ആദ്യ സന്ദർശനം ആണ് നടത്തുന്നത്. ദേശീയ ഡാം സുരക്ഷ അതോറിറ്റി ചെയർമാൻ അനിൽ ജയിൻ അധ്യക്ഷനായ

ഏഴംഗസമിതിയാണ് അണക്കെട്ടിൽ പരിശോധന നടത്തുന്നത്. കേരള തമിഴ്നാട് സർക്കാരുകളുടെ പ്രതിനിധികളും, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ബാംഗ്ലൂരിലെ ഗവേഷണ ഉദ്യോഗസ്ഥനും, ഡൽഹിയിലെ ദേശീയ ദുരന്തനിവാരണ അതോറിറ്റി ഉദ്യോഗസ്ഥനും സംഘത്തിലുണ്ട്. കാലവർഷം ആരംഭിക്കുന്നതിന് മുമ്പും കാലവർഷ സമയത്തും അണക്കെട്ടിൽ സന്ദർശനം നടത്തി സ്ഥിതിഗതികൾ വിലയിരുത്തേണ്ടത് നിലവിലെ സമിതിയാണ്.

&&&&&&&&&&&&&&&&

## WEATHER

കേരളത്തിൽ ഇന്നും നാളെയും ഇടിമിന്നലോട് കൂടിയ ഒറ്റപ്പെട്ട മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. പാലക്കാട്, മലപ്പുറം, വയനാട് ജില്ലകളിൽ ഇന്നും മലപ്പുറം, വയനാട് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നിർദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## HEADLINE – 6
## IPL

ഇന്ത്യൻ പ്രീമിയർ ലീഗ് ക്രിക്കറ്റിന്റെ 18-ാം സീസണ് ഇന്ന് തുടക്കമാകും. ഉദ്ഘാടന മത്സരത്തിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സും, റോയൽ ചാലഞ്ചേഴ്സ് ബെംഗളൂരുവും ഏറ്റുമുട്ടും. കൊൽക്കത്തയിലെ ഈഡൻ ഗാർഡൻസിൽ രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&

## SWISS OPEN BADMINTON

സ്വിസ് ഓപ്പൺ ബാഡ്മിന്റൺ വനിതാ ഡബിൾസ് സെമിഫൈനലിൽ ഇന്ത്യൻ താരങ്ങളായ ട്രീസ ജോളിയും ഗായത്രി ഗോപിചന്ദും ചൈനീസ് ജോഡിയായ ഷെങ് ഷു ലിയു, ടാൻ നിങ് എന്നിവരെ നേരിടും. സ്വിറ്റ്സർലൻഡിലെ ബാസലിൽ ഇന്ത്യൻ സമയം വൈകുന്നേരം 5:10 നാണ് മത്സരം. കോമൺവെൽത്ത് ഗെയിംസ് വെങ്കല മെഡൽ ജേതാക്കളായ ട്രീസയും ഗായത്രിയും ഇന്നലെ നടന്ന ക്വാർട്ടർ ഫൈനലിൽ ചൈനീസ് ജോഡിയെയാണ് പരാജയപ്പെടുത്തിയത്.

**&&&&&&&&&&&&&&&&**

## GEORGE FOREMAN - DEMISE

അമേരിക്കൻ ബോക്സിങ് ഇതിഹാസം ജോർജ് ഫോർമാൻ അന്തരിച്ചു. 76 വയസായിരുന്നു. ഫോർമാന്റെ മരണവിവരം കുടുംബമാണ് പങ്കുവച്ചത്. ബോക്സിങ് റിങ്ങിൽ ബിഗ് ജോർജ് എന്നറിയപ്പെട്ടിരുന്ന ഫോർമാൻ 1960കളിലാണ് കരിയർ ആരംഭിച്ചത്. ഒളിമ്പിക്സ് സ്വർണമടക്കം നിരവധി ബഹുമതികൾ നേടിയിട്ടുണ്ട്.

**&&&&&&&&&&&&&&&&**

## HEADLINE – 5
## NAMIBIA - 1ST FEMALE PREZ

നമീബിയയുടെ ആദ്യത്തെ വനിതാ പ്രസിഡന്റായി നെതുംബോ നന്ദിൻ-ഡൈറ്റ്വാ അധികാരമേറ്റു. കഴിഞ്ഞ വർഷം നവംബറിൽ നടന്ന പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ 58 ശതമാനം വോട്ടുകൾ നേടി വിജയിച്ചായിരുന്നു നെതുംബോ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത്.

ഇടക്കാല പ്രസിഡന്റായിരുന്ന നങ്കോളോ എംബുംബയുടെ പിൻഗാമിയായാണ് നന്റിൻ-ഡൈറ്റ്വാ ചുമതലയേറ്റത്.

**&&&&&&&&&&&&&&&&**

## ISRAEL GAZA

ഗാസ മുനമ്പിൽ നിന്ന് തെക്കൻ ഇസ്രായേലിലെ അഷ്കെലോൺ നഗരത്തിലേക്ക് തൊടുത്ത രണ്ട് റോക്കറ്റ് ആക്രമണങ്ങൾ തടഞ്ഞതായി ഇസ്രായേൽ പ്രതിരോധ സേന അറിയിച്ചു. ആളപായമുണ്ടായിട്ടില്ലെന്നും സൈന്യം വ്യക്തമാക്കി. അതേസമയം ആക്രമണത്തിൽ ഹമാസ് പ്രതികരിച്ചിട്ടില്ല.

**&&&&&&&&&&&&&&&&**

## SC- JUSTICE YASHWANT VARMA

ജസ്റ്റിസ് യശ്വന്ത് വർമ്മയെ അലഹബാദ് ഹൈക്കോടതിയിലേക്ക് മാറ്റാനുള്ള നിർദ്ദേശം സ്വതന്ത്രവും, ആഭ്യന്തര അന്വേഷണ നടപടിക്രമങ്ങളിൽ നിന്ന് വേറിട്ടതുമാണെന്ന് സുപ്രീം കോടതി. ഡൽഹി ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് യശ്വന്ത് വർമ്മയുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് കിംവദന്തികൾ പ്രചരിച്ചതിനെ തുടർന്നാണ് ഈ പ്രസ്താവന.

**&&&&&&&&&&&&&&&&**

## NIRMALA SITARAMAN - CHENNAI

കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ ഇന്ന് ചെന്നൈയിൽ. വിവിധ മേഖലകളിലെ വ്യവസായികളുമായും സൂക്ഷ്മ ഇടത്തരം ചെറുകിട സംരംഭകരുമായും ധനമന്ത്രി കൂടിക്കാഴ്ച നടത്തി.

&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&